ദ്യുതി



# എടപ്പാൾ ഹൈസ്കൂൾ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ അവതരിപ്പിക്കുന്ന




# ദ്യുതി (LUMINOUS)

ദ്യുതി

# ആമുഖം

മറ്റുശാസ്ത്രമേഖലകളെപ്പോലെ വളരെ പഴക്കമൊന്നും അവകാശപ്പെടാനില്ലെങ്കിലും വളരെകുറഞ്ഞകാലം കൊണ്ട് ഉയർന്ന സ്ഥാനം എത്തിപ്പിടിക്കാൻ ഇൻഫോർമേഷൻ ടെക്നോളജിക്ക സാധിച്ചിട്ടുണ്ട്. ഈ കൊച്ച കേരളവും അതിന്റെ പുനരുത്ഥാനത്തിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. അതിന് ധാരാളം ഘടകങ്ങൾ സഹായകമായിട്ടുണ്ട്. it@school ഉം kites ഉം എല്ലാം അതിൽ ചിലതു മാത്രം.ഇങ്ങനെമലയാളംവരെകംപ്യൂട്ടറിലക്കും കീ ബോർഡ് ലേ ഔട്ടിലേക്കും പടർന്നു കഴിഞ്ഞു. ഈ ഒരു സാഹചര്യത്തിൽ എടപ്പാൾ സ്കൂളിലെ കൈറ്റ്സ് അംഗങ്ങൾ അവതരിപ്പിക്കുകയാണ് ഒരു ഡിജിറ്റൽ മാഗസിൻ.

ദ്യുതി

# <u>എഡിറ്റോറിയൽ</u>

പ്രിയ വായനക്കാരേ,

ഇന്ന് ശാസ്ത്രം ദിനം പ്രതി വളർന്നുകൊണ്ടിരിക്കുകയാണ്. അതിൽ ഇൻഫർമേഷൻ ടെക്നോളജിയുടെ കാര്യം പറയുകയേ വേണ്ട. അത് നിത്യജീവിതത്തിൽ ഒഴിവാക്കാൻ പറ്റാത്ത വിധം നമ്മെ പിടികൂടിക്കഴിഞ്ഞു. ഒടിക്കാൻ പറ്റുന്ന ഫോണും മടക്കാൻ പറ്റുന്ന ടിവിയും എന്തിന് വിരൽത്തുമ്പിൽ വരെ പ്രൊജക്ടറും മൊബൈലും പോരാത്തതിന് രണ്ടുപേർക്ക് തമ്മിൽ കിലോമീറ്റർ അകലെ നിന്നുപോലും സംസാരിക്കാൻ തലച്ചോറിൽ വരെ സിമ്മും മറ്റുവസ്തുക്കളും. ഈ ഒരു സാഹചര്യത്തിൽ നമ്മളും അതിനൊത്തു വളർന്നേ പറ്റൂ. ഇങ്ങനെ പരീക്ഷകൾ വരെ ഓൺലൈനായിക്കൊണ്ടിരിക്കുമ്പോൾ ഒരു ഡിജിറ്റൽ മാഗസിൻ അവതരിപ്പിക്കുകയാണ് എടപ്പാൾ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ.



ചീഫ് എഡിറ്റർ

കല്ല്യാണി എം ആർ

ദൃുതി

# താളുകൾ മറിക്കുമ്പോൾ


ആമുഖം......3
എഡിറ്റോറിയൽ......4
സമർപ്പണം......7
പുഞ്ചിരി......9
വിദ്യാലയ മികവുകൾ......10
എടപ്പാൾ മിനി സ്റ്റേഡിയം ഉദ്ഘാടനം......11
സ്കൂൾ ലൈബ്രറി......24
വെളുത്ത നിറമുള്ള കറുത്താന......28
മെഴുകുതിരി......29
ചിത......30
STRANGER IN THE MIRROR......32
അനാവശ്യം......35
നഷ്ടമോഹം......36
ഒരു സർക്കസ് കോമാളി......38
അഭയം......39
പാറിത്തളർന്നൊരാ കൊച്ചുകിളിക്കതാ......39
വീര്യം കൂടിയ ആസിഡുകൾ......40
വീര്യം കുറഞ്ഞ ആസിഡുകൾ......41
കോശത്തിന്റെ പിതാവ്......43
പെയ്തൊഴിഞ്ഞ ഭൂമി......44
പ്രണയമായിരുന്നു എനിക്ക് മഴയോട്......45
പൊൻതളിക......47
പ്രളയം പഠിപ്പിച്ചപാഠം......47
ഉദാഹരണം......49
എന്റെ മരം- ഒരു ആശ്രയം......51
കൂടപ്പിറപ്പ്......52
है दोस्त हुए......53
ഇംഗ്ലീഷ് മാസങ്ങളുടെ......55
പേരിനു പിന്നിൽ......55

ദ്യുതി

ഗ്രാമ ബാലിക........56
ഞാൻ മലാല........57
നന്ദിപൂർവ്വം........61
എഡിറ്റോറിയൽ ബോർഡ്........61



# സമർപ്പണം

കേരളത്തെ നടുക്കിയ പ്രളയത്തിൽ ജീവൻ പൊലിഞ്ഞവർക്കും നിപ വൈറസ് ബാധയിൽ മൺമറഞ്ഞവർക്കും സമൂഹത്തിന്റെ ക്രൂരതയ്ക്കിരയായ ജ്വാല രശ്മികൾക്കും പ്രണാമമർപ്പിച്ചുകൊണ്ട്

**ലിറ്റിൽ കൈറ്റ്സ്**
**അംഗങ്ങൾ**
**ജി എച്ച് എസ് എസ് എടപ്പാൾ**

ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിൻ ഏറ്റവും മികച്ചതാവാൻ ആശംസകൾ നേരുന്നു.



രത്നവല്ലി. പി.എസ്

ഹെഡ്മിസ്ട്രസ്സ്

ദ്യുതി

# പുഞ്ചിരി

മനുഷ്യന്റെ ആപത്തുകളിലും സമ്മർദ്ദങ്ങളിലും നാം മറന്നു പോകുന്നഒന്നാണ്പുഞ്ചിരി.



സർവ്വചരാചരങ്ങളുടെയും സന്തോഷത്തിന്റെയും സമൃദ്ധിയുടെയും പ്രതീകമാണ്പുഞ്ചിരി.ചിരി ആയുസ്സ് വർധിപ്പിക്കും എന്നാണ് പഴമൊഴി.ഒരു സന്തപിക്കുന്ന അവസരത്തിലും ചിരി മഹനീയമായ സ്ഥാനം വഹിക്കുന്നു.മുഖത്ത് ചിരി വിടരുമ്പോൾ സൂര്യന്റെ ശോഭ ഏറുന്നു. നല്ല ഒരു മന്ദസ്മിതത്തിന് ജീവൻ നിലനിർത്താൻ വരെ സാധിക്കും. ചിരി അതൊരു വികാരമാണ്,വർണ്ണനകൾക്ക് അതീതമായത്.

ഇന്ന് എന്നും പുഞ്ചിരിയോടെ നടക്കുവാൻ പരിശീലനങ്ങൾ വരെ നടക്കുന്നുണ്ട്.സ്മൈലികൾ ഇന്ന് വിപണിയിൽ ഏറെ പ്രാധാന്യം അർഹിക്കുന്നവയാണ്.ക്രോധമുള്ള മുഖത്തേക്കാൾ ഏവരും ഇഷ്ടപ്പെടുന്നത് പുഞ്ചിരി തൂകുന്ന മുഖമാണ്.പുഞ്ചിരി പഠിച്ചു

ദൃതി

പ്രയോഗിക്കേണ്ട ഒന്നല്ല അത് മനസ്സിൽ നിന്നുണർന്നു വരേണ്ട സൂര്യകാന്തി പൂക്കളാണ്.

# വിദ്യാലയ മികവുകൾ

വിദ്യാലയങ്ങൾ ഇന്ന് മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. അത്തരത്തിൽ ഒരു പദവി കൈയെത്തിപ്പിടിക്കാൻ മുന്നേറുക യാണ് എടപ്പാൾ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ. ക്ലാസ്സ് മുറികളുടെ ഹൈടെക്ക് നവീകരണവും സ്റ്റേഡിയം നിർമ്മാണവും ഇതിന് ഉദാഹരണ മാണ്. സ്കൂളിന്റെ പുറംമോഡിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ മാത്രമല്ല, വിദ്യാർത്ഥികളുടെ പഠനപരവും കലാപരവും കായികപരവുമായ കാര്യങ്ങളിലും അധ്യാപകർ പ്രോത്സാഹനം നൽകുന്നുണ്ട്. സംസ്ഥാന കലാമേളയിലും സംസ്ഥാന ശാസ്ത്രമേളയിലും പങ്കെടുത്ത കുട്ടികളും ലിറ്റിൽ കൈറ്റസ് , ജെ.ആർ.സി എന്നിവയുടെ വിജയകരമായ പ്രവർത്തനവും ജില്ലാ തല ടെന്നീസിൽ വിജയിച്ചവരും ദേശീയതല വുഷുചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത് സ്വർണമെഡൽ കരസ്ഥമാക്കിയ കായികതാരങ്ങളും ഗാന്ധി കലോത്സവത്തിൽ പങ്കെടുത്ത് മിക്ക ഇനങ്ങളിലും സമ്മാനം നേടി ഓവറോൾ ഒന്നാം സ്ഥാനം നേടിയതും എല്ലാം ഇതിന് നിദാനങ്ങളാണ്. ഇത്തരത്തിൽ വിദ്യാലയത്തിലെ ഓരോ വിദ്യാർത്ഥിയും വിവിധമേഘലകളിലായി മികവു തെളിയിച്ചിട്ടുണ്ട്.

ദൃുതി

ഹൈടെക്കിന്റെ ദൃശ്യ മികവോടു കൂടിയ പഠനം എല്ലാ പാഠഭാഗങ്ങളും എളുപ്പത്തിൽ ഗ്രഹിക്കാൻ കുട്ടികൾക്ക് സഹായകമാണ്. കൂടാതെ പതിനായിരക്കണക്കിന് പുസ്തകങ്ങളുള്ള സ്കൂൾ ലൈബ്രറിയും ക്ലാസ് ലൈബ്രറിയും പഠനം എളുപ്പമാക്കാൻ സഹായിക്കുന്നു.ഇങ്ങനെ എല്ലാവിധത്തിലും വികസനപാതയിലൂടെ കുതിച്ചു കൊണ്ടിരിക്കുകയാണ് ഈ വിദ്യാലയം...

## എടപ്പാൾ മിനി സ്റ്റേഡിയം ഉദ്ഘാടനം





ദ്യുതി




# സംസ്ഥാന കലോത്സവം



ദൃുതി

## കൂടിയാട്ടം ഒന്നാം സ്ഥാനം



## സംസ്ഥാനതലം
## തിരുവാതിര എ ഗ്രേഡ്



## ആര്യശ്രീ. ടി. അജിത്

## അദർ ചാർട്ട് സംസ്ഥാന തലം എ ഗ്രേഡ്
## (ഗണിതമേള)

## വി.വി.എം. ഓൺലൈൻ എക്സാം



## ജൂനിയർ ലോൺടെന്നീസ് ചാമ്പ്യൻസ്





**സംഘമിത്ര കെ എസ്**　　**അനുപമ രാജീവ്**

ദ്യുതി

# ജൂനിയർ അമേച്വർ ബോക്സിംഗ്



## ഉത്തരാ സത്ത് പി എസ്

## ദേശീയ വൃഷു ചാമ്പ്യൻഷിപ്പ് സ്വർണ്ണമെഡൽ ജേതാക്കൾ





## ഊർമ്മിള

## ആദിത്യൻ

# ലിറ്റിൽ കൈറ്റ്സ് ടീം



# ഗാന്ധി ദർശൻ



# സ്കൂൾ ജെ ആർ സി ടീം



# കലാമേള





ദൃുതി



## സാമൂഹ്യശാസ്ത്ര മേള സബ് ജില്ലാ തലം ഒന്നാം സ്ഥാനം



ദ്യുതി

# <u>സ്കൂൾ ലൈബ്രറി</u>

**“Library**
**a healing place of the soul”**

**ആത്മാവിനുള്ള ആതുരാലയമാണ് പുസ്തകാലയങ്ങൾ**

**(ഈജിപ്ഷ്യൻ ടെംപിൾ ലൈബ്രറിയുടെ പൂമുഖത്ത് എഴുതിയ വാക്യം )**





**കേരളം വിദ്യഭ്യാസമേഖലയിൽ വിപ്ലവകരമായ ചുവടുകൾവച്ചു മുന്നേറിക്കൊണ്ട് സാർവ്വദേശീയതലത്തിൽ ശ്രദ്ധാകേന്ദ്രമായി മാറിക്കൊണ്ടിരിക്കുകയാ ണ്.അന്തർദേശീയ തലത്തിൽ ചർച്ച ചെയ്യപ്പെട്ട കേരളത്തിന്റെ വിദ്യഭ്യാസ മാതൃക കാലാനുസൃതമായി നിരവധി പരിഷ്കരണങ്ങൾക്ക് വിധേയമായി കൊണ്ടിരിക്കുന്നു. പൊതുവിദ്യഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമായി മാറുമ്പോൾ ക്ലാസ് മുറികൾ ഡിജിറ്റൽ ക്ലാസ് മുറികളാകുന്നു . സ്കൂൾ ലൈബ്രറികൾ കുട്ടികളുടെ വായനാഭിരുചി**

വളർത്തിക്കൊണ്ട് മികവിന്റെ അക്കാദമിക കേന്ദ്രങ്ങളായി മാറേണ്ടതുണ്ട്. ഒരു വിദ്യാലയത്തിന്റെ അക്കാദമിക നിലവാരം ഉയർത്തുന്നതിൽ പാഠ്യ വിഷയങ്ങളോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളും പ്രധാനപ്പെട്ടതാണ് ഇക്കാര്യത്തിൽ സ്കൂൾ ലൈബ്രറികൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ് സോഷ്യൽ മീഡിയയുടെ അതിപ്രസരകാലത്ത് നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന വായനാശീലത്തെ തിരിച്ചുകൊണ്ടുവരുന്നതിന് സ്കൂൾ ലൈബ്രറികൾക്ക് നിർണായക സ്വാധീനം വഹിക്കാനുണ്ട് .ആറു പതിറ്റാണ്ടിന്റെ അറിവനുഭവ സമ്പത്തുള്ള എടപ്പാൾ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ ലൈബ്രറി സമാനതകളില്ലാത്തതും മാതൃകാപരവുമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത് .ഓരോ കുട്ടിയുടെയും സവിശേഷതകളും പരിമിതികളും തിരിച്ചറിഞ്ഞ് ഉചിതമായ ഇടപെടലുകളിലൂടെ വ്യക്തിഗതമായ മികവും കഴിവും പരിപോഷിപ്പിച്ചുകൊണ്ട് മികച്ച വായനാ ശീലവും സാമൂഹിക പ്രതിബദ്ധതയുമുള്ള ഭാവി തലമുറയെ വാർത്തെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് എടപ്പാൾ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ നടത്തുന്നത്.

ദ്യുതി




28-7-2018
ശനിയാഴ്ച
G.H.S.S
DHYAN M


ജി.എച്ച്.എസ്.എസ്.എടപ്പാൾ
ലൈബ്രറി
മെമ്പർഷിപ്പ് കാർഡ്
പേര്.........................................
ക്ലാസ്..................ഡിവിഷൻ..................
അംഗത്വ നമ്പർ...............വർഷം.................
എച്ച്എം
ലൈബ്രേറിയൻ
എന്റെ സ്കൂൾ....എന്റെ ലൈബ്രറി.



ദ്യുതി








## രവീന്ദ്രൻ കെ ആർ

## (ലൈബ്രേറിയൻ)

ദ്യുതി

# വെളുത്ത നിറമുള്ള കറുത്താന




ബാല്യത്തിൽ അമ്മ മാനത്തു കാണിച്ചു തന്ന
കറുത്താന
അച്ഛൻ പിടിച്ചു തരാമെന്നു പറഞ്ഞ
വെളുത്ത അമ്പിളി മാമനെ മറച്ചു പിടിച്ച
കറുത്താന
കാമുകനുള്ള കത്തുകൊടുക്കാൻ പോയ
വെളുത്ത മേഘത്തെകൊന്ന്
കരഞ്ഞിരുന്ന അവൻ ഞങ്ങൾക്കിടയിൽ
പ്രണയനൈരാശ്യമായ് കറുത്താന
ഇടയ്ക്കെപ്പോഴോ മരുഭൂമിയിൽ വച്ച്
ഞാനവനെ വിട്ടു പിരിഞ്ഞു
നാലുചുമരിനുള്ളിൽ ഞാൻ മരവിച്ച്
തൊലിചുളിഞ്ഞ് പങ്കാളിയൊടൊപ്പമിരുന്നപ്പോൾ
മക്കളെ മടുപ്പിച്ച്
പറഞ്ഞു വിട്ട കറുത്താന
എന്നാൽ അവസാനം വരെ കൂട്ടായ
“കറുത്താന"

*-കല്യാണി എം.ആർ*

# മെഴുകുതിരി

പ്രകാശരശ്മികൾ തൻ
നൂതനവിസ്മയചാരുതയേകും
പ്രഭാവലയവുമായി
നിലകൊള്ളുമീ വിഹാരം
അനന്തമജ്ഞാതമീ ലോകത്തെ
എൻ മുന്നിൽ ജ്വലിപ്പിച്ച
സൗന്ദര്യമല്ലോ നീ.....
നിൻ ജീവരക്തം
എരിഞ്ഞടങ്ങുമ്പൊഴും
എന്നിൽ പ്രകാശം വഹിച്ച ദേവതേ
നിൻ ജീവിതനൗകയെ അന്ധമാം
കടലിൻ അഗാധതയിൽ
ഒഴുക്കിവിടുമ്പോൾ
നീ ചൊരിഞ്ഞ പ്രകാശകിരണങ്ങൾ
എന്നെ തലോടിയകലവെ......



-ചന്ദന എ

ദ്യുതി

# ചിത

ഈ ലോകത്തിൽ എത്രതന്നെ സന്തോഷമുണ്ടെങ്കിലും അതിന്റെ ഇരട്ടി സങ്കടവുമുണ്ട്.നമ്മൾ ഏറെ സ്നേഹിക്കുന്ന ഒരാൾ നമ്മളെ വിട്ടു പോകുമ്പോൾ ഉണ്ടാകുന്ന വിഷമം വളരെ വലുതാണ്.

ഞാൻ കണ്ടു നിൽക്കുകയായിരുന്നു,ഒരു ശവപ്പറമ്പിൽ ഒരമ്മയുംഒരു നവജാത ശിശുവും പിന്നെ ശവപ്പറമ്പിലെ കാവൽക്കാരനും

ആ‍അമ്മയുടെകണ്ണിൽനിന്നചുടുകണ്ണീർഒഴുകുന്നുണ്ടായിരുന്ന.എന്നാൽ ആ കുട്ടിക്ക് അനക്കമൊന്നുമുണ്ടായിരുല്ല.കാരണം ആ കുട്ടി ഭൂമി വിട്ട് പോയിരുന്നു.ആ കുട്ടിയുടെ ശവശരീരം അവിടെ കുഴിച്ചിടാനാണ് ആ അമ്മ വന്നിരിക്കുന്നത്.കാവൽക്കാരൻ തന്റെ ഗാംഭീര്യമായ ശബ്ദമുയർ

ത്തി പറഞ്ഞു വലിയആളുകൾക്ക് 50 രൂപ ചെറിയകുട്ടികൾക്ക് 30 രൂപ. ആ അമ്മ തന്റെ ഇരുട്ടാർന്ന കൈകളിലേക്ക് നോക്കി .അവരുടെ കയ്യിൽആകെ20 രൂപമാത്രമേഉണ്ടായിരുന്നുള്ളൂ.കാവൽക്കാരൻ അവരോട് ദേഷ്യപ്പെട്ടു സംസാരിച്ചു. 30 രൂപ ഉണ്ടെങ്കിൽ മാത്രമേ കുഴിച്ചു മൂടാൻ പറ്റൂ എന്നയാൾ തറപ്പിച്ചു പറഞ്ഞു. ആ അമ്മയുടെ കണ്ണിൽ നിന്നുതിർന്ന കണ്ണുനീർ ജീവിതത്തിന്റെ അവസാനത്തെ രക്തത്തുള്ളികളായിരുന്നു. ആ സ്ത്രീയുടെ കണ്ണുനീർ കണ്ട് കാവൽക്കാരന് തന്റെ സ്വന്തം അമ്മയെ ഓർമ്മ വന്നു.അവർ അവരിൽ നിന്ന് ആ 20 രൂപവാങ്ങികുഴിച്ചിടാനുള്ള അനുമതി നൽകി.അമ്മയുടെ കൈയിലെ ആ ഏക സമ്പാദ്യമായ തന്റെ കുഞ്ഞിനെ അമ്മ അവിടെ ഉപേക്ഷിച്ചു.ശേഷം അമ്മ ആ ചിതയിലേക്ക്നടന്നു ചെന്നു.

വിഷ്ണു

ദ്യുതി

## <u>നുറുങ്ങുകൾ</u>

### ക്ഷമാപണം

ക്ഷമയാണ് എന്റെ മൗനം
മൗനം.......അതാണെന്റെ
ശരിയായ തീരുമാനം
തന്നോടുള്ള ക്ഷമയാണ്
ആത്മവിശ്വാസം

### ഘടികാരം



നീ ഇത്രപെട്ടന്ന്
നിലയ്ക്കുമെന്നറിഞ്ഞിരുന്നെങ്കിൽ
ഒരിക്കലും ഞാൻ കാലത്തെ
പ്രതീക്ഷിക്കില്ലായിരുന്നു

### തിര

എത്രമേൽ അകറ്റിയാലും
അകന്നാലും
അവ അലയടിക്കും ഒന്നിനു പുറകെ
ഒന്നായ് ഒന്നൊന്നായ്

### രുചി

സത്യത്തിന്
വല്ലാത്ത കയ്പ്പാണ്
അതിന്റെ രുചി അങ്ങനെ
യായതുകൊണ്ടല്ല ,അത് രുചിക്കുന്നത്
അങ്ങനെയായതു കൊണ്ട്
മാത്രം

### നന്മ

ഒരു തുള്ളിയമ്മിഞ്ഞ-
പ്പാലിൽ പരക്കയാണീ
ആകാശം

### ന്യൂജെൻ

ഇയർഫോൺ ചെവിയിൽ തിരുകി
സ്മാർട്ട് ഫോൺ കൈയിലേന്തി
വാട്ട്സ് ആപ്പിലും ഫേസ് ബുക്കിലും കയറി
മന്ത്രിയേയും നേതാക്കളെയും ട്രോൾ ചെയ്ത്
സാമൂഹ്യപ്രവർത്തനം നടത്തുന്നവർ
അറിയുന്നില്ലഅവർക്കു വിളിച്ചത് പെരുവഴിയാണെന്ന്

ദ്യുതി


# STRANGER IN THE MIRROR

Thoughts came to me
like withered leaves
I wanted to sweep them away
but heaped instead
My heart ached
My mind shook
it was heard to resist.
I made a fire
The ashes left behind
still the memories
lingered in my sleep
kept me awake
for hours at night
and tried to understand
the figure in the mirror
whom I left so far
but I could not identify
she became a total
stranger to me



Sobhana P

ദ്യുതി



ശങ്കർ

# അനാവശ്യം

നിധികാക്കുന്ന

ഭൂതത്തെപോലെ

ഇവിടെ ഇരിക്കുന്നതെന്തിനെന്ന്

എനിക്കറിയില്ല

പക്ഷേ

നഷ്ടപ്പെട്ടതെന്തോ ഒന്ന്
എനിക്കിവിടെ നിന്ന്

തിരിച്ചുകിട്ടാനുണ്ട്

*   *   *

എന്തിനാണ്

ഞാൻ ജനിച്ചതെന്ന്

എനിക്കറിയില്ലല്ലോ

അപ്പോൾ പിന്നെ

എന്റെ മരണത്തിന്

കാരണം തേടുന്നതെന്തിന് ?

തുളസി

ദ്യുതി

# നഷ്ടമോഹം



വികസനത്തിൻെറ പാതയിൽ കേരളം മുന്നേറിക്കൊണ്ടിരിക്കുകയാണ്. സാങ്കേതിക വിദ്യാഭ്യാസ രംഗങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണെങ്കിലും ഈയടുത്ത കാലങ്ങളിൽ കേരളം ലജ്ജിച്ചുനിൽക്കുന്ന ഒരവസ്ഥയാണുള്ളത്. മധു എന്ന പേര് കേരളത്തിന് സുപരിചിതമാണ്.ഒരു നേരത്തെ അന്നത്തിനുവേണ്ടി ഹോട്ടലിൽ നിന്ന് ഭക്ഷണസാധനങ്ങൾ മോഷ്ടിച്ചു എന്നാരോപിച്ച് മനുഷ്യമൃഗങ്ങൾ മർദ്ദിച്ചുകൊലപ്പെടുത്തിയ ഈ ആദിവാസിയുവാവിനെ നമ്മുടെ മനസ്സിൽ നിന്നും അത്രവേഗം മായിച്ചുകളയുവാൻ സാധിക്കുകയില്ല.2018 ഫെബ്രുവരി 22 നായിരുന്നു നാടിനെ നടുക്കിയ ഈ ദുരഭിമാന കൊല അരങ്ങേരിയത്.മനുഷ്യത്വം തൊട്ടുതീണ്ടാത്ത ഒരു കൂട്ടം കാപാലികർ ചേർന്നായിരുന്നു മധുവിനെ കൊന്നൊടുക്കിയത്. ഇത്തരം പൈശാചികർ ജീവിക്കുന്ന കേരളസമൂഹത്തെ കുറിച്ചാലോചിക്കുമ്പോൾ നമുക്ക് തലതാഴ്ത്തേണ്ടി വരുന്നു.

ദൃുതി

മധു എന്നത് കേവലം ഒരു യുവാവു മാത്രമല്ല. പാർശ്വവത്കരിക്കപ്പെട്ടവരുടെ പ്രതിനിധി കൂടിയാണ്.നമ്മുടെ മനസ്സിൽ നന്മകുറയുന്നത് കാരണമാണ് ഇത്തരം മനുഷ്യത്വരഹിത പ്രവർത്തനങ്ങൾ ചെയ്യുവാൻ പ്രേരിപ്പിക്കുന്നത്.ഇനി ഒരു വ്യക്തിക്കും ഇതുപോലൊരു അവസ്ഥ വരരുത്.മധുവിനോട് നാമെല്ലാവരും മാപ്പപേക്ഷിക്കണം.അദ്ദേഹത്തിനു നഷ്ടപ്പെട്ട ജീവിതത്തിനുപകരമായി ഈ മാപ്പപേക്ഷിക്കൽ കൊണ്ട് ഒന്നുമാകുന്നില്ല.എന്നാൽ ഞങ്ങൾ ഉറപ്പുനൽകുന്നു ഇനി ഒരു വ്യക്തിക്കും ഇത്തരത്തിൽ ഒരു അവസ്ഥ ഉണ്ടാകില്ല.

കൃഷ്ണ

ദ്യുതി

# ഒരു സർക്കസ് കോമാളി



ഞാൻ ആരെന്നറിയാമോ-
നിങ്ങളുടെ മുബിൽ ചിരിപ്പിക്കാൻ
എത്തുന്ന ഒരു വിഡ്ഢി

ഉള്ളിൽ കരഞ്ഞും പുറമേ ചിരിച്ചും
നിങ്ങളുടെ മുമ്പിൽ  എത്തുന്ന
വെറും ഒരു സർക്കസ് കോമാളി

നിങ്ങൾക്കറിയാമോ എന്റെ വേദന
പിൻ പ്രാണൻ പിടയുന്ന വേദന
ഞാൻ കരയുമ്പോൾ നിങ്ങൾക്ക് തമാശയായിത്തീരും

ഉള്ളിൽ ഒരായിരം വേദന
കുത്തിനിറച്ച് നിങ്ങളെ ചിരി-
പ്പിക്കാൻ ഞാൻ എത്തുന്നു.



ജീവൻ സുധീഷ്

# അഭയം

**പാറിത്തളർന്നൊരാ കൊച്ചുകിളിക്കതാ**

വൻ മരത്തിൽ അഭയം
അലഞ്ഞു വലഞ്ഞൊരാ കുഞ്ഞുനറുമ്പിന്
തൻ മണ്ണു മാളത്തിലഭയം
സർവ്വർക്കുമഭയമായ് ശോഭിക്കുമല്ലോ
നമ്മുടെ മമപുണ്യധരണി
മാനവനെന്ന വർഗത്തിനാഗമനം
അലസമായ് അഭയമായ് ആർഭാടമായ്
നിണമണിഞ്ഞുള്ളൊരാ കാൽപ്പാടു
കണ്ടിട്ടുമറിയാതെ പറയാതെ മാനവൻ നിൽക്കെ
ഒരു മൃദുലമാം ഹൃദയം നിലയ്ക്കവെ
രക്ത സ്നാനിയാം കഠാര കിടയ്ക്കവേ
പറയാതെ മാറുന്ന നിയമങ്ങൾ പലതരം
എന്നതകരുമീ നീചൻ തൻ അഭയവാസം
എന്നഴിയും മാനവൻ തൻ കരിക്കുപ്പായം
നീചന്നഭയമാം മാനവനെന്തിനു
അഭയം നൽകിയതെന്നോർക്കവെപൊന്നിൻ പരിശുദ്ധിയാർന്ന
ധരണിതൻ മനമൊന്നു ചെറുതായി ഉലയവെ

**ചന്ദന.എ**

ദ്യുതി

# വീര്യം കൂടിയ ആസിഡുകൾ




## സൾഫ്യൂരിക് ആസിഡ് ($H_2SO_4$)

രാസവസ്തുക്കളുടെ രാജാവ് എന്നാണ് സൾഫ്യൂരിക് ആസിഡ് അ
റിയപ്പെടുന്നത്.ഏറ്റവും വീര്യം കൂടിയ ആസിഡുകളിലൊന്നാണ് ഇത്.

## നൈട്രിക്ക് ആസിഡ് ($HNO_3$)


വായുവിൽ പുകയുന്ന ആസിഡാണ്.സ്വർണത്തിന്റെ ശുദ്ധത പരിശോധിക്കാൻ പ്രയോജനപ്പെടുത്തുന്നു.

## ഹൈഡ്രോക്ലോറിക്ക് ആസിഡ് (H Cl)

ഗാഢ സൾഫ്യൂരിക്ക് ആസിഡ് സോഡിയം ക്ലോറൈഡുമായി പ്രവർത്തിച്ച് രൂപം കൊള്ളുന്ന ആസിഡാണ് ഹൈഡ്രോക്ലോറിക്ക് ആസിഡ്.ശരീരത്തിലെ ദഹനത്തെ സഹായിക്കുന്ന രാസവസ്തുവാണിത്.

ദൃുതി

# വീര്യം കുറഞ്ഞ ആസിഡുകൾ



**സിട്രിക്ക് ആസിഡ്**

നാരങ്ങ ,ഓറഞ്ച് എന്നിവയിൽ ധാരാളം കാണപ്പെടുന്നു.

അസറ്റിക്ക് ആസിഡ്

ഭക്ഷ്യവസ്തുക്കൾ കേടുകൂടാതെ സൂക്ഷിക്കാനാണ് പ്രധാനമാ യും ഉപയോഗിക്കുന്നത്.വിനാഗിരിയിൽ ഈ രാസവസ്തുവാണ് അടങ്ങിയിരിക്കുന്നത്.

**ലാക്ടിക്ക് ആസിഡ്**

പാലിൽ ആടങ്ങിയിരിക്കുന്ന ആസിഡാണിത്.മോര്,തൈര് എന്നിയിലും ലാക്ടിക്ക് ആസിഡ് അടങ്ങിയിരിക്കുന്നു.

**ഓക്സ്സാലിക് ആസിഡ്**

ചുവന്നുള്ളി,തക്കാളി,നേന്ത്രപ്പഴം,ചോക്ലേറ്റ് എന്നിവയിൽ ഓക്സ്സാലിക് ആസിഡ് അടങ്ങിയിരിക്കുന്നു.

**ഫോർമിക് ആസിഡ്**

ഉറുമ്പ്,കടന്നൽ,തേനീച്ച എന്നീ ജീവികളിൽ കാണപ്പെടുന്ന ആസിഡ്.റബ്ബർപാൽ ഘനീഭവിക്കാൻ ഈ ആസിഡ് ഉപയോഗിക്കും.മെഥനോയിക് ,അമിനിക്ക് ആസിഡ് എന്നീ പേരുകളിൽഅറിയപ്പെടുന്നു.

**അസ്കോർബിക് ആസിഡ്**

നെല്ലിക്കയിൽ അടങ്ങിയിരിക്കുന്ന ആസിഡാണിത്.പുളിപ്പുള്ള പഴങ്ങളിൽ മിക്കതിലും കാണപ്പെടുന്നു.വൈറ്റമിൻ സി രാസപര മായി അസ്കോർബിക് ആസിഡ് എന്നറിയപ്പെടുന്നു.

**മാലിക് ആസിഡ്**

ദ്യുതി

പഴുക്കാത്ത ആപ്പിളുകളിൽ ധാരാളം മാലിക് ആസിഡ് കാണപ്പെടുന്നു.പഴങ്ങളുടെ ഹൃദ്യമായ മണത്തിനും രുചിക്കും കാരണം ഈ ആസിഡാണ്.

## ടാർടാറിക് ആസിസ്

പുളി,മുന്തിരി എന്നിവയിൽ ധാരാളമായി കാണുന്നു.റെസെമിക് ആസിഡ്,യൂമിക് ആസിഡ് എന്നീ പേരുകളിലും

അറിയപ്പെടുന്നു.



ദ്യുതി

# കോശത്തിന്റെ പിതാവ്



സ്വന്തമായി നിർമ്മിച്ചെടുത്ത പ്രാകൃതമായ സൂക്ഷ്മദർശിനി
യിലൂടെ ഒരു കോർക്കിന്റെ ചീന്ത് നോക്കുകയായിരുന്നു റോ
ബർട്ട് ഹുക്ക്.തേനീച്ചക്കൂടിന്റെ അറകളെ പോലുള്ളകോർക്കി
ന്റെ വളർച്ചയേറിയ ഭാഗങ്ങൾ കണ്ട് അദ്ദേഹം അത്ഭുത
പ്പെട്ടു.കോർക്കിന്റെ ആ കുഞ്ഞുഭാഗത്തെ അദ്ദേഹം സെൽ
എന്നു വിളിച്ചു.അദ്ദേഹം വരച്ച കോശ ചിത്രം എല്ലാ ജീവ
ശാസ്ത്ര വിദ്യാർത്ഥികൾക്കും സുപരിചിതമാണ്.'കോശത്തി
ന്റെ പിതാവ് ' എന്നാണ് റോബർട്ട് ഹുക്ക് അറിയപ്പെടുന്നത്.

റോബർട്ട് ഹുക്ക്

# പെയ്തൊഴിഞ്ഞ ഭൂമി

*കാർമേഘങ്ങൾ പൊട്ടിക്കരഞ്ഞപ്പോൾ,*
*കണ്ടുനിൽക്കാനായില്ല കേരനാടിന്*
*കിണറും കണ്ടവും നിറഞ്ഞൊഴുകി*
*കരയും കടലും ഒന്നു പോലെ*
*ആശ്വാസമേകാത്ത കണ്ണു നീർത്തുള്ളികൾ*
*ആശ്വാസാലയങ്ങൾക്കാരംഭമിട്ടു*
*ആദ്യ പാഠങ്ങൾ പഠിച്ചൊരാ മണ്ണിൽ*
*ആർഭാടമില്ലാതെ ആഘോഷമില്ലാതെ*
*ആളുകൾ പലവിധം ഉണ്ടുറങ്ങി*
*വെളുപ്പും കറുപ്പും കലർന്നൊരാക്കൂട്ടം*
*ഒന്നായി ഒപ്പം ഒത്തൊരുങ്ങി*
*വിണ്ണിന്റെ കുസൃതിയിൽ മണ്ണിന്റെ*
*മണമവരറിഞ്ഞു*
*പിരിയാൻ കഴിയാതടുത്തൊരാ മിത്രങ്ങൾ*
*മടങ്ങി പെയ്തൊഴിഞ്ഞ ഭൂമിയിലേക്ക്*

*ചന്ദന.എ*



ദ്യുതി

# <u>പ്രണയമായിരുന്നു എനിക്ക് മഴയോട്</u>

എൻ ബാല്യത്തിൽമഴ എന്നിൽ
കൗതുകം ഉണർത്തി
മഴയുടെ ഓരോ തുള്ളികളിലും എൻ
ബാല്യം തുളുമ്പി നിൽക്കുന്ന
ലോക ഗോളം മഴയിൽ
ഇരുട്ടലിഞ്ഞിരുന്നു
കിളികളുടെയും വൃക്ഷങ്ങളുടെയും
ഇരമ്പൽ
മഴയെ മന്ദം മന്ദം ഉണർത്തി
കൗമാരത്തിൽ ബന്ധങ്ങളെയും
സുഹൃത്തുക്കളെയും
എന്നേയും
മഴ ഉല്ലാസ പുളകിതനാക്കി
പകൽ വേളയിൽ ഓരോ നിമിഷവും



ഇരുട്ടലമ്പി പെയ്യുന്ന മഴയിൽ
ക്ലാസിൽ ഓടിൻവിടവിൽ
ഇറ്റി വീഴുന്ന മഴത്തുള്ളികൾ
ഹായ്...... എന്തൊരു മധുരമാം എൻ
കൺപോളയിൽ മഴ തങ്ങിനിന്നു
സൂര്യകിരണങ്ങൾ മഴത്തുള്ളിയെ
ഏഴുനിറങ്ങളായ് മാറ്റി മറിച്ചു
സ്കൂൾ വിട്ട സമയത്ത് കൂട്ടുകാർക്കൊപ്പം
വരുമ്പോഴുള്ള നനയിക്കാനുള്ള ചാറ്റൽ മഴ

ദൃുതി

എനിക്കേറ്റവും പ്രിയമുള്ളതായിരുന്നു
യൗവ്വനത്തിൽ പ്രണയിക്കുന്ന
നറുചിരിയാർന്ന പെണ്ണിനെപ്പോലെ
അവളെ ക്കാണുമ്പോൾ
തിരതുള്ളുന്നു എൻ മോഹങ്ങൾ
എൻ വാർദ്ധക്യത്തിൽ മഴയിൽ കളിക്കാൻ
വരുന്ന ആകാശവീടിൻ ജനലിലൂടെ
ആരോടു കൂടി ഇടപെഴകാതെ
ആരുമില്ലാതെ ഒറ്റയായപ്പോൾ
എൻ കണ്ണിൽനിന്ന് കണ്ണീർ
കുതിർന്നു തുടങ്ങിയപ്പോൾ
ഇരുണ്ട മേഘങ്ങളുമായി മഴ വന്നു
കണ്ണീർ പതിയെ വഴി മാറിത്തുടങ്ങി
പിന്നീട് എനിക്ക് മഴയോട് പ്രണയം തോന്നിത്തുടങ്ങി
പിന്നെപ്പിന്നെ ഞാൻ മണ്ണടിഞ്ഞപ്പോൾ
എൻ നിഴലായ് മഴ........

ശീതൾ.കെ.പി

## പൊൻതളിക

മാനത്തുണ്ടൊരു പൊൻതളിക
പാലൊളി തൂകും പൊൻതളിക
വാനിൽ പുഞ്ചിരി തൂകീടും
നക്ഷത്രത്തിൻ കൂട്ടായി
എന്നുടെ സ്വന്തം
അമ്മാവൻ!

-ആര്യ നന്ദ

ദ്യുതി

# പ്രളയം പഠിപ്പിച്ചപാഠം

കേരളീയജനതയെ ഒന്നടങ്കം ഞെട്ടിച്ച പ്രകൃതി ദുരന്തമാണ് പ്രളയം.കേരളത്തിലെ മിക്ക വീടുകളിലും വെള്ളം കയറി.അതുപോലെ മതവിശ്വാസിയും കോടീശ്വരനുമായ ജോസഫിനേയും പ്രളയംബാധിച്ചു .ആ വീട് ഒരു രാത്രികൊണ്ട് വെള്ളം കീഴടക്കി.കാൽമുട്ടു വരെ വെള്ളമായിരുന്നു.തന്നെ രക്ഷിക്കാൻ വേണ്ടിയെത്തിയ അന്യമത ക്കാരനോട് അടുത്തിടപെഴകാൻ അദ്ദേഹത്തിന്റെ ജാതിഭേതം ഉൾക്കൊണ്ട മനസ്സ് അനുവദിച്ചില്ല.കഴുത്തറ്റം വെള്ളം മുങ്ങുന്ന വരെ അദ്ദേഹം കാത്തിരുന്നു.മരണം തന്നെയും കീഴടക്കാൻ പോകുന്നുവെന്ന് അദ്ദേഹം മനസ്സിലാക്കി അയാൾ അപ്പോൾ മനസ്സില്ലാ മനസ്സോടെ ആ അന്യമതക്കാരന്റെ കൈ പിടിച്ച് തന്റെ ജീവരക്ഷക്കായി ആ ബോട്ടിലേക്കു കയറി. അവിടെയടുത്തുണ്ടായിരുന്ന ദുരിതാശ്വാസക്യാമ്പിലേക്കു പോയി.അവിടെ പല ജാതിമതക്കാർ ഉണ്ടായിരുന്നു.അവിടെ നിന്ന് അദ്ദേഹം പലജാതിക്കാരോടൊത്ത് പെരുമാറാനും ഒപ്പം ഇരിക്കാനും കൂടെ കിടക്കാനും പഠിച്ചു.അങ്ങനെ അനവധി ദിനങ്ങൾകഴിഞ്ഞു.എല്ലാവരോടും അയാൾ ഒരുമ പുലർത്തി.അയാളുടെ കടുകട്ടി മനസ്സ് അലിഞ്ഞു തുടങ്ങി.ആ ക്യാമ്പ് അദ്ദേഹത്തിന് വത്യസ്തമായ ഒരനുഭവം നൽകി.അതിനുശേഷം അയാൾ നല്ലൊരു മനുഷ്യനായി മാറി.എല്ലാ ജാതി മതക്കാരോടും അദ്ദേഹം സൗഹൃദം പുലർത്തി.ഈ പ്രളയം നമ്മെ ഒരുപാട് കാര്യങ്ങൾ പഠിപ്പിച്ചു.ജാതി-മത-വർണ്ണ വിവേചനമന്യേ എല്ലാവരും ഒത്തൊരുമയോടെ നവ കേരളം സൃഷ്ടിക്കാൻ പ്രവർത്തിച്ചു. മനുഷ്യത്വം അറ്റുപോകാതിരിക്കാൻ അങ്ങനെ പ്രളയവും ഒരു കാരണമായി.

ദ്യുതി

# ആരാച്ചാർ

'It  is woman power and it is an extraordinary book'

ആരാച്ചാർ എന്ന കെ ആർ മീരയുടെ പുസ്തകത്തെ പറ്റി അരുന്ധതി റോയ്  പറഞ്ഞ വാക്കുകളാണിവ. നിരവധി പുരസ്കാരങ്ങൾ കരസ്ഥമാക്കിയ കൃതി കൂടിയാണിത്.




ഭാവിയുടെ ചരിത്രം പറയുന്ന ആഖ്യാനമാണിത്.യതീന്ദ്ര ബാനർജിയുടെ കഥ.യതിന്ദ്രനാഥ ചാറ്റർജിയെ തൂക്കിക്കൊല്ലുക എന്ന ചുമതലയാണ് ചേതാനാഗൃദ്ധാമല്ലിക് എന്ന യുവതിക്ക് ഏറ്റെടുക്കേണ്ടി വന്നത്.അങ്ങനെയിരിക്കുമ്പോൾ ചേതന ഒരു ചാനലിൽ അഭിമുഖം ഏറ്റെടുക്കുന്നു.ചേതനയുടെ ഗഹനഭാവമാർന്ന അന്തരംഗത്തിലൂടെയാണ് നോവൽ ചിത്രീകരിക്കുന്നത്.ചരിത്രവും സമകാലികവാർത്തകളും മാത്രമല്ല ,മരണംആത്മഹത്യ,പുണ്യ പാപങ്ങൾ , വധശിക്ഷ മുതലായ സമസ്യകളെക്കുറിച്ചും കഥയിൽ പ്രതിപാദിക്കുന്നുണ്ട്.ഇത്തരത്തിൽ ഇത് ഏവർക്കും ഹൃദയസ്പർശിയായ കഥ കൂടിയാണ്.

-കാശിനാഥ്

ദൃതി

# ഉദാഹരണം

ഒരു തീവണ്ടിയുടെ ഹോൺകേട്ട് ഞാൻ ഞെട്ടി ഉണർന്നു. ഞാൻ അൽപ്പമപ്പുറത്ത് പോയി ആർക്കും വേണ്ടാത്ത ഒരു പൈപ്പിൽ നിന്നും വീഴുന്ന വെള്ളത്തെ എന്റെ കൈകളിലാ ക്കി മുഖമൊന്നു കഴുകി.ഒരു മരത്തിനടിയിലിരുന്ന് ഞാൻ ചു റ്റുപാടെല്ലാം ഒന്നു നിരീക്ഷിച്ചു.എല്ലാവരും ഓട്ടത്തിലാണ് തിരക്കുപിടിച്ച് എങ്ങോട്ടെന്നറിയാതെ നിരന്തരമായ ഓട്ടം.പല തരത്തിലുള്ള ആളുകൾ അവിടെയുണ്ടായിരുന്നു..എന്നാൽഞാൻ പെട്ടന്നോരു കാഴ്ച് കണ്ടു.എന്റെ കണ്ണിനെ നനയിപ്പി ച്ച കാഴ്ച്. ഈ തിരക്കുപിടിച്ച ഓട്ടത്തിനിടയിൽ ഒരു കുട്ടി.ഒരു പക്ഷെ അവന് എന്റെ മകളുടെയത്രയും പ്രായമുണ്ടാകും.ഒരു കടയിൽ നിന്നും വെള്ളം വാങ്ങി തീനണ്ടിയിലെ യാത്രക്കാർ ക്ക് വിൽക്കുകയാണ്.കൂടെ മറ്റൊരു വിഷമകരമായ കാര്യം.

അവൻ മറ്റുള്ളവർ എച്ചിലാക്കി പുറത്തേക്ക് വലിച്ചെറിഞ്ഞ ഭക്ഷണം കഴിക്കുന്നുമുണ്ട്.എനിക്ക് സങ്കടം തോന്നി.ഞാൻ അവന് വേണ്ടുവോളം ഭക്ഷണം വാങ്ങിക്കൊടുത്തു.എന്തോ വളരെ ഒരാശ്വാസം.അപ്പോഴാണ് തീവണ്ടി പോലെയൊരു ചിന്ത എന്റെ മനസ്സിലേക്ക് കടന്നു വന്നത്.നമ്മുടെ മക്കൾക്ക് എന്ത് ഭക്ഷണം കൊടുത്താലും വേണ്ട,വാങ്ങി കൊടുത്ത ഒരു വസ്തുവും ഇഷ്ടമല്ല,ചെറു പ്രായത്തിൽ തന്നെ വാട്ട്സ് ആപ്പും ഫെയ്സ് ബുക്കും കൊണ്ട് അമ്മാനമാടി കളിക്കുക യാണ് പണി.പെട്ടന്ന് എന്റെ ട്രെയിൻ വന്നു. ഞാൻ ട്രെയിനിൽ കയറി. അവനെയൊന്നു തിരിഞ്ഞുനോക്കി. എന്റെ മനസ്സ്എന്തോ അവനിൽ വല്ലാതെ


കുടുങ്ങിക്കിടന്നിരുന്നു.അവന്റെ കണ്ണുകൾ നിറഞ്ഞിരുന്നു.പതിയെ പതിയെ അവന്റെ മുഖം അദൃശ്യമായി.അവൻ ഒരു ഉദാഹരണമാണ്, ഇന്നത്തെ ന്യൂജെൻ പിള്ളേർ കണ്ടു പഠിക്കേണ്ട ഉത്തമ ഉദാഹരണം.



അർജ്ജുൻ. കെ

ദ്യുതി

# എന്റെ മരം- ഒരു ആശ്രയം



അതിരാവിലെ ഞാൻ മുറ്റത്തേക്ക് എത്തുമ്പോൾ പൂത്തുനിൽക്കുന്ന മരം എന്നെ നോക്കി പുഞ്ചിരിക്കും.ആനന്ദത്തോടെ ഞാൻ നോ ക്കി നിൽക്കെ മരമൊന്നു ചാഞ്ചാടുകയും  അതിൽനിന്ന് ഇലകൾ പൊഴിഞ്ഞ് താഴെ വീഴുകയും ചെയ്താൽ എന്റെ മനസ്സ് കത്തിയുരുകിപ്പോകും.ഊഞ്ഞാലു കെട്ടിയാടുമ്പോൾ മരവും എന്റെയൊപ്പം ആടിക്കളിക്കാറുണ്ട്.അതിന്മേൽ അതിമനോഹരമായ പൂവുകൾ വിരിഞ്ഞു കാണാൻ എന്തു ചന്തമാണെന്നോ.പൂവിരിയുമ്പോൾ ഏതോ ഒരു കിനാവിലെ വാതിലുകൾ തുറന്നുകൊണ്ടെത്തുന്ന മാലാഖയാണത് എന്നെനിക്ക് പലപ്പോഴും തോന്നീട്ടുണ്ട്.

ജീവനതുല്യം ഞാൻ സ്നേഹിക്കുന്ന എന്റെ മരത്തെ നശിപ്പിക്കരുതേ.ജീവന്റെ നന്മയ്ക്കും നാടിന്റെ നന്മയ്ക്കും എന്റെ മരമൊരു ആശ്രയം.

ഷഹനാഷെറിൻ.കെ

ദ്യുതി

# കൂടപ്പിറപ്പ്



ജനിക്കും നേരം തൊട്ട്
എൻ കൂടപിറപ്പായി
നിഴലുമുണ്ട്
ജീവിതമാം സായാഹ്നത്തിൽ
ഒറ്റക്കാണെന്ന തോന്നൽ
ഉണ്ടായിരുന്നെങ്കിലും
ഇന്ന് ഞാൻ ഒറ്റക്കല്ല
സന്തോഷം പങ്കിടാൻ
ഒത്തിരി പേരുണ്ടെങ്കിലും
ദുഃഖം പങ്കിടാൻ നിഴൽ മാത്രം
ഇരവിലും രാവിലും
നിഴൽ മാത്രം
ഞാൻ ഒറ്റയ്ക്കായപ്പോൾ കാവൽ നിന്നതും
നീ തന്നെ
മണ്ണിൽ ലയിക്കുമ്പോഴും
എനിക്ക് തുണയായി അവളുണ്ടാവും
ജനനം തൊട്ട്  മരണം വരെ
എന്നെ പിരിയാതെ
എന്റെ സ്വന്തം കൂടെപിറപ്പ്

ദ്യുതി

# है दोस्त हुए



मुस्कुराते हुऐ चेहरे से मेरे
दोस्ति बनाकर जिदंगी में
हर समय जीवन के
मेरे प्रिय दोस्त सहारा
एक एक पंग चल पढे तो
मिट्टि से दोडे नन्हे पैर से
पूछा पीछे आकर नाम मेरे
भूल गए वे पीछे पथ में ।
जो दोस्त बचपन् से मेरे
छुड गए वे याौवन में
तो हम पहूंचा युवा में
खोजते फिर तये चरागह
प्रस्तुत करते शबद नहीं
किताबों के मेरे पन्ने में
फिर भी बोलता हुँ मैं
जीवन के मेरे प्रिय साथि
मेरा दुख अपना दुख

ദ്യുതി

मेरा सुख अपना सुख
आस्था और छाया बन्कर
समझे मेरे साथ खडा
हे मेरा प्रिय दोस्त
न जाओ जीवन से असग
छुड न जाओ हृदय से
तोड दिना चले दोस्ति से ।

रजनि टीच्चर

ദ്യുതി

# ഇംഗ്ലീഷ് മാസങ്ങളുടെ

# പേരിനു പിന്നിൽ

**ജനുവരി**-ജാനസ് ലാനു യാരിയസ് എന്ന റോമൻ ദേവന്റെ പേരിലാണ് ജനുവരി അറിയപ്പെടുന്നത്. **ഫെബ്രുവരി**-ശുദ്ധീകരിക്കുക എന്നർത്ഥമുള്ള ഫെബ്രു എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് ഫെബ്രുവരി ഉണ്ടായത്. **മാർച്ച്**-മാർസ് എന്ന റോമൻ യുദ്ധ ദേവന്റെപേരിൽ നിന്നാണ് മാർച്ച് ഉണ്ടായത്.

**ഏപ്രിൽ**-അഫ്രോഡൈറ്റ് എന്ന വീനസ് ദേവന്റെ പേരുമായി ബന്ധപ്പെടുത്തിയാണ് ഏപ്രിൽ എന്ന പേരു വന്നത്.

**മെയ്**-മായിയ എന്ന ഗ്രീക്ക് ദേവതയിൽ നിന്നു വന്നതാണ് മെയ്

**ജൂൺ**-പുരാതന റോമൻ ദേവതയായ ജൂനോയുടെ പേരിൽ നി

ന്നാണ് ജൂൺ എന്ന പേര് ഉണ്ടായത്. **ജൂലൈ**-ജൂലിയസ് സീസർ ജനിച്ച മാസമായതിനാലാണ് ജൂലൈ എന്ന പേരു വന്നത്. **ആഗസ്റ്റ്**-ആറാമത്തേത് എന്നർത്ഥം വരുന്ന സെക്റ്റിലിസ് എന്ന പദത്തിൽ നിന്നാണ് ആഗസ്റ്റ് വന്നത്.**സെപ്റ്റംബർ**-ഏഴാമത്തേത് എന്നർത്ഥം വരുന്ന സെപ്റ്റം എന്ന പദത്തിൽ നിന്നാണ് സെപ്റ്റംബർ എന്ന പേരു വന്നത്.**ഒക്ടോബർ**-എട്ടാമത്തേത് എന്നർത്ഥം വരുന്ന ഒക്ടോ എന്ന പദത്തിൽ നിന്നാണ് ഒക്ടോബർ എന്ന പേരു വന്നത്

**നവംബർ**-ഒമ്പതാമത്തേത് എന്നർത്ഥം വരുന്ന നോവം എന്ന വാക്കിൽ നിന്നാണ് നവംബർ ഉണ്ടായത്

**ഡിസംബർ**-റോമൻ കലണ്ടറിലെ പത്താം മാസമായിരുന്നു ലാറ്റിൻ ഭാഷയിലെ ഡിസംബർ. ഡിസം എന്ന വാക്കിന് പത്ത് എന്നാണ് അർത്ഥം

# ഗ്രാമ ബാലിക





മലയാളത്തിന്റെ പ്രിയ സാഹിത്യകാരി ലളിതാംബിക അന്തർജനം രചിച്ച ചെറുകഥയാണ് ഗ്രാമബാലിക.ജാനു എന്ന ഗ്രാമീണ പെൺകൊടിയുടെകഥ പറയുന്നതാണ് ഈ കൃതി.എല്ലാവരോടും ദയയും കാരുണ്യവും പ്രകടിപ്പിക്കുന്ന കുട്ടിയാണ് ജാനു.അവൾക്ക് അമ്മയും അനുജനും മാത്രമാണു ള്ളത്.ജീവിതത്തിൽ അനേകം പ്രതിസന്ധികൾ ജാനുവിന് നേരിടേണ്ടി വന്നു.എന്നാൽ അതെല്ലാം അവൾ പുഞ്ചിരിയോടും ധൈര്യത്തോടും കൂടി നേരിട്ടു.അങ്ങനെയൊരിക്കൽ അവൽ വഴിയരികിൽ ഒരു വൃദ്ധനെ കണ്ടു മുട്ടുന്നു.ഒരു നേരത്തെ ഭക്ഷണത്തിനുപോലും വകയില്ലാത്ത ഒരാൾ.അയാ ളോടു ദയ തോന്നി ജാനു അയാളെ വീട്ടിലേക്ക് കൂട്ടി കൊണ്ടു പോന്നു.അയാൾക്ക് ഉടുക്കാൻ വസ്ത്രവും കഴിക്കാൻ ഭക്ഷണവും കൊടുത്തു. പിന്നീടാണ്അയാളെ തിരഞ്ഞ അയാളുടെ മകനെത്തുന്നത്.അപ്പോൾ ആ വൃദ്ധൻ ഒരു ധനികനായിരുന്നുവെന്ന് ജാനു മനസ്സിലാക്കുന്നു.സ്വന്തം വീട്ടിൽ ഏകനായി കഴിഞ്ഞ നാളുകൾ അയാളിൽ മാനസിക വിഭ്രാന്തി ജനിപ്പിച്ചുഅതായിരുന്നു അയാളുടെ ഈ അവസ്ഥക്ക് കാരണം.അവസാനം അയാൾ മകനോടൊപ്പം പോകുന്നു.സ്നേഹ ബന്ധങ്ങളുടെ ഊഷ്മളത അളവറ്റു കനിയുന്ന ഈ കഥ വളരെയധികം ഹൃദയസ്പർശിയാണ്.

സൗരവ്

ദ്യുതി


# ഞാൻ മലാല




പാക്കിസ്ഥാനിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി പോരാടിഏറ്റവും ചെറിയപ്രായത്തിൽ നോബേൽ സമ്മാനം കരസ്ഥമാക്കിയ ധീരയുവത്ത്വമാണ് മലാല യൂസഫ് സായ്. മലാലയുടെ ആത്മകഥയാണ് 'ഞാൻ മലാല'.താലിബാൻ തീവ്രവാദികൾ സ്വാത് താഴ്വരയിൽ പെൺകുട്ടികളുടെ വിദ്യഭ്യാസം ഞങ്ങൾക്കും പഠിക്കണം എന്നു പറഞ്ഞുമുന്നോട്ടുവന്നത് മലാലയും അവളുടെകൂട്ടുകാരുമാണ്. താലിബാനെതിരെ ബിബിസിബ്ലോഗിൽ ചോളപ്പൂവ് എന്നർത്ഥം വരുന്ന പേരായ ഗുൽമക്കായ് എന്ന അപരനാമത്തിൽ മലാല തന്റെ ഡയറി എഴുതുന്നു. എനിക്കു പേടിയാകുന്നു എന്നു തുടങ്ങി സ്വർഗത്തിലെ സ്വർഗീയ സുന്ദരികൾ വാഴട്ടെഎന്നവാക്കിൽഅവസാനിക്കുന്നവയാണ് മലാലയുടെ ഡയറികൾ.അങ്ങനെ അവൾ താലിബാനു മുന്നിൽ കരടായി മാറി. മലാല സഞ്ചരിച്ച സ്കൂൾ ബസ്സിലേക്ക് അതിക്രമിച്ച കയറി ആരാണ് മലാല എന്ന അവരുടെ ചോദ്യം പൂർത്തിയാക്കുന്നതിനു മുന്നെ അവർ മലാലയുടെ തലയിൽ നിറയൊഴിച്ചു.കിങ് എഡ്വേർഡ് ഹോസ്പ്പിറ്റലിൽ മാസങ്ങളോളം ചികിത്സ,പിന്നീട് ലോകമൊട്ടാകെ കരഞ്ഞു പ്രാർത്ഥിച്ചപ്പോൾ ആവളെ മരണത്തിന് കൊണ്ടുപോകാൻ സാധിച്ചില്ല. 2014 ൽ ഇന്ത്യക്കാരനായ കൈലേഷ് സത്യാർത്ഥിക്കൊപ്പം മലാല സമാധാന

നോബേൽ പുരസ്കാരത്തിന് അർഹയായി. ഇന്ന് മലാലയുടെ പ്രവർത്തനങ്ങൾ ലോകം മൊത്തമാണ്.ഒരു പേനയ്ക്കും പുസ്തകത്തിനും അധ്യാപകനും ചേർന്നാൽ ലോകത്തെ മാറ്റിമറയ്ക്കാൻ കഴിയുമെന്ന ഉറച്ചവിശ്വാസത്തോടെയാണ് മലാല ഇന്നും പോരാടുന്നത്.

-ചന്ദന. എ



# നന്ദിപൂർവ്വം

## എഡിറ്റോറിയൽ ബോർഡ്









